**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** **13-02-2025 - ൽ മറുപടിയ്ക്ക്**

**കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ പ്രധാന കാരണങ്ങളിലൊന്ന് കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗമാണെന്ന നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാൽനടക്കാർ അശ്രദ്ധമായും അലക്ഷ്യമായും റോഡ് ഉപയോഗിക്കുന്നതു മൂലം പലപ്പോഴും അപകടങ്ങളിൽപ്പെടാറുണ്ട്. കാൽനടയ്ക്കായി ഫുട്പാത്തുകൾ ഉപയോഗിക്കുന്നതും റോഡ് മുറിച്ച് കടക്കാൻ Pedestrian crossing, മേൽപ്പാലങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനുള്ള വിമുഖത മാറ്റിയെടുക്കുന്നതിനായി വിവിധ എൻ ജി ഓ കളുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്. കാൽനടക്കാർക്ക് മുൻഗണന നൽകാത്ത വാഹന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ഫുട്പാത്തുകളിലെ അനധികൃതകയ്യേറ്റങ്ങളും കച്ചവടങ്ങളും മറ്റ തടസ്സങ്ങളും വിവിധ വകുപ്പുകളുടെ സംയുക്തമായ ഇടപെടലുകളിലൂടെ നീക്കം ചെയ്തു കാൽനടക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗം നിയന്ത്രിക്കുന്നതിനും കാൽനടയാത്ര കൂടുതൽ സുരക്ഷിതമാക്കുന്നതിനും നിയമനിർമ്മാണം നടത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗം നിയന്ത്രിക്കുന്നതിനും കാൽനടയാത്ര കൂടുതൽ സുരക്ഷിതമാക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാൽനടക്കാർ അശ്രദ്ധമായും അലക്ഷ്യമായും റോഡ് ഉപയോഗിക്കുന്നതു മൂലം പലപ്പോഴും അപകടങ്ങളിൽപ്പെടാറുണ്ട്. കാൽനടയ്ക്കായി ഫുട്പാത്തുകൾ ഉപയോഗിക്കുന്നതും റോഡ് മുറിച്ച് കടക്കാൻ Pedestrian crossing, മേൽപ്പാലങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനുള്ള വിമുഖത മാറ്റിയെടുക്കുന്നതിനായി വിവിധ എൻ ജി ഓ കളുമായി |

| | | | |
|---|---|---|---|
| | | | സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്. കാൽനടക്കാർക്ക് മുൻഗണന നൽകാത്ത വാഹന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ഫുട്പാത്തുകളിലെ അനധികൃതകയ്യേറ്റങ്ങളും കച്ചവടങ്ങളും മറ്റു തടസ്സങ്ങളും വിവിധ വകുപ്പുകളുടെ സംയുക്തമായ ഇടപെടലുകളിലൂടെ നീക്കം ചെയ്തു കാൽനടക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗം നിയന്ത്രിക്കുന്നതിനും കാൽനടയാത്ര കൂടുതൽ സുരക്ഷിതമാക്കുന്നതിനും നിയമനിർമ്മാണം നടത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | സുരക്ഷിതമായ റോഡ് ഉപയോഗത്തെക്കുറിച്ച് കാൽനടക്കാർക്ക് ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | കാൽനടയാത്രക്കാർ റോഡ് മാർജിനിൽ കൂടെയും, ഫുട്പാത്തിൽ കൂടെയും നടന്നുപോകുന്നതിനും, സീബ്രാലൈനിൽ കൂടി ക്രോസ് ചെയ്യുന്നതിനും, ഡ്രൈവർമാർ/റൈഡർമാർ ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനുമായി സ്കൂളുകളിലും ജനമൈത്രി യോഗങ്ങളിലും വിവിധ സ്ഥാപനങ്ങളിലും ബോധവത്ക്കരണക്ലാസുകൾ നൽകി വരുന്നു. റോഡ് മുറിച്ചുകടക്കുമ്പോൾ കാൽ നടയാത്രക്കാരും വാഹനങ്ങളുടെ ഡ്രൈവർമാരും പാലിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച പോസ്റ്ററുകളും മറ്റും സമൂഹമാധ്യമങ്ങളിൽ നൽകി ബോധവൽക്കരണം നടത്തി വരുന്നു. സെക്ടർ, എൻഫോഴ്മെന്റ്, പോയിന്റ് തുടങ്ങിയ ഡ്യൂട്ടികളിലൂള്ള പോലീസ് ഉദ്യോഗസ്ഥർ അലക്ഷ്യമായി റോഡ് മുറിച്ച് കടക്കുന്ന കാൽനടയാത്രക്കാർക്ക് സുരക്ഷിതമായ റോഡ് ഉപയോഗത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തി വരുന്നു.<br><br>കുട്ടികൾക്ക് റോഡ് സുരക്ഷാ അവബോധം വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി സംസ്ഥാനത്തെ അപ്പർ പ്രൈമറി തലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട 100 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഓരോ സ്കൂളിനും 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) വീതം അനുവദിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>സ്കൂൾ കാമ്പസിനകത്തും പുറത്തും സ്കൂൾ കുട്ടികൾ നേരിടുന്ന റോഡ് സുരക്ഷാ വെല്ലുവിളികൾ തിരിച്ചറിയുന്നതിനും, കുട്ടികൾക്ക് സുരക്ഷാ അവബോധം വളർത്തുന്നതിനും സ്കൂൾ കുട്ടികളിൽ |

| | | | |
|---|---|---|---|
| | | | അപകടസാധ്യതയും അതിന്റെ തീവ്രതയും കുറയ്ക്കുന്നതിനുള്ള പരിഹാര നടപടികൾ നടപ്പിലാക്കുന്നതിനും നാറ്റ്പാക്കുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിയാണ് സേഫ് റോഡ് ടു സ്കൂൾ. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>റോഡ് സുരക്ഷാ നടപടികളുടെ നിർവ്വഹണത്തിന്റെയും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെയും നോഡൽ ഓഫീസറായി റോഡ് സുരക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി എഫ്.എം. നെറ്റ്-വർക്കിലൂടെയും റെയിൽവേസ്റ്റേഷനിൽ ജിംഗിളുകളിലൂടെയും, മറ്റ് അച്ചടി മാധ്യമങ്ങളിലൂടെയും റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു.<br><br>കാൽനടക്കാർ അശ്രദ്ധമായും അലക്ഷ്യമായും റോഡ് ഉപയോഗിക്കുന്നതു മൂലം പലപ്പോഴും അപകടങ്ങളിൽപ്പെടാറുണ്ട്. കാൽനടയ്ക്കായി ഫുട്പാത്തുകൾ ഉപയോഗിക്കുന്നതും റോഡ് മുറിച്ച് കടക്കാൻ Pedestrian crossing, മേൽപ്പാലങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനുള്ള വിമുഖത മാറ്റിയെടുക്കുന്നതിനായി വിവിധ എൻജി ഓ കളുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട് കാൽനടക്കാർക്ക് മുൻഗണന നൽകാത്ത വാഹന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ഫുട്പാത്തുകളിലെ അനധികൃത കയ്യേറ്റങ്ങളും കച്ചവടങ്ങളും മറ്റു തടസ്സങ്ങളും വിവിധ വകുപ്പുകളുടെ സംയുക്തമായ ഇടപെടലുകളിലൂടെ നീക്കം ചെയ്തു കാൽനടക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനായി സെഷ്യൽ ഡ്രൈവുകളും ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്. സീബ്രാ ലൈനിൽ കാൽനടയാത്രക്കാരെ കാണുമ്പോൾ തന്നെ വാഹനം നിർത്തിക്കൊടുക്കുന്ന ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനായി സീബ്രാ ക്രോസിംഗുകളിൽ കാൽനടയാത്രക്കാർ റോഡ് മുറിച്ച് കടക്കുന്നതിനായി നിൽക്കുന്ന സമയത്ത് വാഹനം നിർത്തിക്കൊടുക്കുന്നുണ്ട് എന്ന് പരിശോധിക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് പരിശോധന നടത്തുന്നു. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് സുരക്ഷിതമായ റോഡ് സംസ്കാരം രൂപപ്പെടുത്തുന്നതിനായി അലക്ഷ്യമായി റോഡ് ഉപയോഗിക്കുന്ന കാൽനടക്കാരെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | റോഡുകളുടെ മീഡിയനുകളിൽ പല സ്ഥലങ്ങളിലും ഫെൻസിംഗുകളും, നടപ്പാതകളിൽ ഹാൻഡ്റെയിലുകളും ഇല്ലാത്തതുകൊണ്ട് കാൽനടയാത്രക്കാർ പല സ്ഥലങ്ങളിലൂടെയും റോഡ് മുറിച്ചു കടന്ന് അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സ്ഥലങ്ങളിൽ ഫെൻസിംഗുകളും, ഹാൻഡ് റെയിലുകളും സ്ഥാപിക്കുന്നതിനായി റോഡ് പരിപാലന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാഞ്ഞുപോയതായ സീബ്രാ ലൈനുകളും സീബ്രാലൈനുകൾ ആവശ്യമുള്ള സ്ഥലങ്ങളും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആയത് വരയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി പ്രധാന ജംഗ്ഷനുകൾ, സ്കൂകൾക്ക് സമീപമുള്ള സ്ഥലങ്ങൾ വാഹനാപകടങ്ങൾ കൂടുതലായി സംഭവിക്കുന്ന സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഗതാഗതനിയന്ത്രണ ഡ്യൂട്ടികൾക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നു. കാൽനട യാത്രക്കാർ സുരക്ഷിതമായി റോഡ് മുറിച്ച കടക്കേണ്ടുന്നതിനെ സംബന്ധിച്ച് ബോധവത്ക്കരണം നൽകുന്നു.<br><br>കാൽ നടയാത്രക്കാരുടെ സുരക്ഷയ്ക്കായി ടേബിൾടോപ്പ് പെഡസ്ട്രിയൻ ക്രോസിംഗ്, സീബ്ര ക്രോസിംഗ്, മുന്നറിയിപ്പ് ബ്ലിങ്കറുകൾ , സിഗ്നൽ ലൈറ്റുകൾ, സൈൻബോർഡുകൾ, ഫുട്പാത്ത്, ഹാൻഡ്റെയിൽ മുതലായ റോഡ് സുരക്ഷാ സൗകര്യങ്ങൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.<br><br>ഭാവിയിൽ സംസ്ഥാനത്ത് സുരക്ഷിതമായ റോഡ് സംസ്കാരം രൂപപ്പെടുത്തുന്നതിനും, സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ജംഗ്ഷനുകൾ മറ്റ് പ്രധാന സ്ഥലങ്ങൾ എന്നിവയിലും കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ മേഖലകളിലും നടപ്പാതകൾ നിർമ്മിച്ചുവരുന്നു. കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് സ്കൂൾ മേഖല ' പദ്ധതി ആവിഷ്കരിച്ചു വരുന്നു. കൂടാതെ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സിഗ്നലുകൾ, നടപ്പാതകൾ, ഗാർഡ് റെയിലുകൾ, പെഡസ്ട്രിയൻ ക്രോസിംഗ് മാർക്കിങ്ങുകൾ, സ്റ്റോപ്പ് ലൈനുകൾ, ഹമ്പുകൾ, സൈൻ ബോർഡുകൾ, റംബിൾ സ്ട്രിപ്പുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ റോഡുകൾ, പാലങ്ങൾ എന്നിവയുടെ പുനർനിർമ്മാണം നടത്തുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും ടെക്നിക്കൽ ഫീസിബിലിറ്റി, ഫണ്ട് ലഭ്യത, സ്ഥല ലഭ്യത എന്നിവ കണക്കിലെടുത്തും, കാൽനട യാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിനും, കാൽനട യാത്രക്കാർ കൂടുതൽ ഇല്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകളും നൽകി അനിവാര്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതുതായി കെ.എസ്.ടി.പി, കെ.ആർ.എഫ്.ബി, റിക്ക് എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തിവരുന്ന വൻകിട വികസന പ്രവർത്തനങ്ങളിലും നഗര വികസന പദ്ധതികളിലും റോഡു വികസനത്തിനോടൊപ്പം നടപ്പാതകളും പൂർണ്ണമായി നടപ്പിലാക്കി വരുന്നു.<br><br>ഗതാഗത തിരക്കുള്ള സ്ഥലങ്ങളിൽ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവ ആവിഷ്കരിക്കുന്നതിനായി നാറ്റ്പാക് തുടങ്ങിയ ഏജൻസികൾ മുഖേന പല പദ്ധതികളുടെയും പഠനം നടന്നുവരുന്നു. നടപ്പാതകളിൽ പൊട്ടിക്കിടക്കുന്ന സ്ലാബുകൾ സ്പെഷ്യൽ റിപ്പയർ ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപണികളും നടത്തുന്നു. |

സെക്ഷൻ ഓഫീസർ